115 (617) കുടിവെള്ളം ശുദ്ധീകരിക്കാൻ നടപടി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കുടിവെള്ളത്തിനായി ഉപയോഗിച്ചു വരുന്ന മാനാഞ്ചിറയിലെ വെള്ളം ശുദ്ധീകരിച്ചാണോ വിതരണം ചെയ്യുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇവിടത്തെ വെള്ളം എങ്ങനെയാണ് ശുദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വെള്ളം പരിശോധന നടത്താനാവശ്യമായ എന്തെല്ലാം സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശുദ്ധീകരിച്ചാണ് വിതരണം ചെയ്യുന്നത്.

(ബി) ഇവിടത്തെ വെള്ളം സമീപത്തുള്ള ടാങ്കിൽ നിറച്ച് ക്ലോറിനേഷൻ നടത്തിയാണ് ശുദ്ധീകരിക്കുന്നത്.

(സി) ഈ വെള്ളം അനലറ്റിക്കൽ ലാബറട്ടറിയിൽ കൊടുത്ത് പരിശോധന നടത്താറുണ്ട്.

116 (618) ലൈബ്രറി സെസ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ പഞ്ചായത്തു സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ എത്ര തുക പിരിച്ചെടുത്തു;

(ബി) ഈ തുക ഏതു ഹെഡ്ഡിലാണ് അടച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

117 (619) വീടുകൾ അലോട്ട് ചെയ്യാൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽച്ചൂള ഹൗസിംഗ് സ്കീമിൽ (ചേരി പരിഷ്കരണം) 88 വീടുകൾ പൂർത്തിയായെങ്കിലും അത് അലോട്ട് ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്താണ്; താൽക്കാലിക ഷെഡുകളിൽ താമസിക്കുന്നവർക്ക് ഈ വീടുകൾ അലോട്ട് ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുമോ;

(ബി) ഇനിയും പൂർത്തിയാക്കേണ്ട 100 വീടുകളുടെ തുടർന്നുള്ള പണികൾ നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് നിയമപ്രകാരം ആരാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചെങ്കൽച്ചൂള ഹൗസിംഗ് സ്കീമിന്റെ ചുമതല നേരത്തെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനായിരുന്നു. അതു പിന്നീട് തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly